LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജീവൻരക്ഷാ ഔഷധങ്ങളുടെ വില നിയന്ത്രിക്കുന്നത് കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റി (NPPA) ആണ്. നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റി വില നിയന്ത്രണം ബാധകമാക്കിയിട്ടുള്ള മരുന്നുകൾക്ക് അധിക വില നിശ്ചയിച്ചിട്ടുള്ളതായി കണ്ടാൽ അവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനായി വിവരം നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റിയെ അറിയിക്കാറുണ്ട്. പരമാവധി വിലയിൽ നിന്നും കൂടുതലായി വില ഈടാക്കുന്ന മെഡിക്കൽഷോപ്പുകൾക്കെതിരെ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് പ്രകാരം കർശന നടപടി സ്വീകരിക്കുന്നുണ്ട്.

(സി) ജീവൻരക്ഷാ ഔഷധങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഡ്രഗ്സ് ഇൻസ്പെക്ടർ കമ്പോളത്തിൽ നിന്നും മരുന്നു സാമ്പിളുകൾ എടുത്ത് ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ അധീനതയിലുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ പരിശോധനയ്ക്ക് നൽകുന്നു. ചീഫ് ഗവൺമെന്റ് അനലിസ്റ്റിന്റെ നിയന്ത്രണത്തിൽ അനലിസ്റ്റുകൾ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നു. വില നിയന്ത്രിക്കുന്നതിനുള്ള അധികാരം ഡ്രഗ്സ് കൺട്രോൾ വകുപ്പിനില്ല. നീതി മെഡിക്കൽ സ്റ്റോറുകൾവഴിയും മെഡിക്കൽ കോളേജ് പേയിംഗ് കൗണ്ടറുകൾ വഴിയും സപ്ലൈകോ ന്യായവില ഷോപ്പുകൾവഴിയും പരമാവധി വിൽപനവിലയിൽനിന്നും വിലകുറച്ച് സാധാരണക്കാർക്ക് മരുന്നു ലഭ്യമാക്കുന്നതിന് ഇപ്പോൾ സംവിധാനമുണ്ട്.

പേവിഷബാധ വാക്സിൻ സൗജന്യമായി ലഭ്യമാക്കാൻ നടപടി

8 (454) ശ്രീ. കെ. ബി. ഗണേഷ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പേവിഷബാധയേറ്റ് ചികിത്സയ്ക്കെത്തുന്ന എല്ലാ രോഗികൾക്കും വാക്സിന്റെ അഭാവംമൂലം ചികിത്സ ലഭിക്കുന്നില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വർദ്ധിച്ചുവരുന്ന തെരുവുനായശല്യവും പേവിഷബാധയും മുൻനിർത്തി എല്ലാ സർക്കാർ ആശുപത്രികളിലും പേവിഷബാധയ്ക്കുള്ള വാക്സിൻ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) ഇപ്പോൾ പേവിഷബാധയ്ക്കുള്ള എല്ലാ മരുന്നുകളും സൗജന്യമായാണോ വിതരണം ചെയ്യുന്നത് ; ഇല്ലെങ്കിൽ ഇതിനുള്ള നിർദ്ദേശം നൽകുമോ എന്നുവ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും പേവിഷബാധക്കുള്ള വാക്സിൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പേ വിഷബാധിതർക്കാവശ്യമായ ഐ.ഡി.ആർ.വി./എ.ആർ.വി. മരുന്നുകൾ സർക്കാർ സൗജന്യമായിട്ടാണ് വിതരണം ചെയ്യുന്നത്. ഇപ്പോൾ എല്ലാ സർക്കാർ ആശുപത്രികളിലും ഈ മരുന്ന് ലഭ്യമാണ്. എന്നാൽ കാറ്റഗറി 3 (കഴുത്തിന് മുകളിലും ശരീരത്തിന്റെ പ്രധാന ഭാഗങ്ങളിലും) കടിയേറ്റവർക്ക് നൽകുന്നതുമായ റാബിസ് ഇമ്മ്യൂണോ ഗ്ളോബുലിൻ എന്ന ജീവൻരക്ഷാമരുന്ന് ബി.പി.എൽ-കാർക്ക് സൗജന്യമായും എ.പി.എൽ.-കാർക്ക് പുറമേനിന്ന് വാങ്ങേണ്ടതുമാണ്. എല്ലാവർക്കും സൗജന്യമായി നൽകുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

എൻ.ആർ.എച്ച്.എം.പദ്ധതി

9 (455) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എൻ.ആർ.എച്ച്.എം. മുഖേന ലഭിച്ച തുക എത്രയെന്ന് വിശദമാക്കുമോ ;

(ബി) ഈ തുക ഏതൊക്കെ പദ്ധതികൾക്ക് എത്ര വീതമാണ് നൽകിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) അടിസ്ഥാനസൗകര്യ വികസനത്തിനായി ഈ തുകയിൽ എത്ര ചെലവഴിച്ചിട്ടുണ്ട് ; ജില്ല തിരിച്ച് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എൻ.ആർ.എച്ച്.എം. പദ്ധതി പ്രകാരം 31-12-2010-വരെ കേന്ദ്രസർക്കാരിൽനിന്നും സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിക്ക് 809.62 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഈ തുക താഴെ വിവരിച്ചിട്ടുള്ള പദ്ധതികൾക്കായാണ് നൽകിയിട്ടുള്ളത്.

ആർ.സി.എച്ച്.-II	-	289.71	കോടി രൂപ
അഡീഷണാലിറ്റീസ് (എൻ.ആർ.എച്ച്.എം.)	-	496.71	"
ഇമ്മ്യൂണൈസേഷൻ	-	23.20	"
ആകെ	-	809.62	"

(സി) അടിസ്ഥാന സൗകര്യവികസനത്തിനായി (civil works, equipments, furniture etc.) ഈ തുകയിൽ നിന്നും 164.35 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

ജില്ല	തുക (ലക്ഷം രൂപയിൽ)
തിരുവനന്തപുരം	1991.91
കൊല്ലം	777.14
പത്തനംതിട്ട	487.63
ആലപ്പുഴ	866.32

LIBRARY ARCHIVES Kerala Legislative Assembly